പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5711 — 05/07/2013-ലെ മറുപടിക്ക്

## മിച്ചഭൂമികിട്ടിയവരിൽ നിന്ന് നികുതി പിരിയ്ക്കാത്ത പ്രശ്നം

| ചോദ്യം<br>ശ്രീ. സി. കൃഷ്ണൻ | മറുപടി<br>ശ്രീ.അടൂർപ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കണ്ണൂർ ജില്ലാ കലക്ടറുടെ 20.12.2000-ലെ ബി 2/ 37001/95 , 21/12/2000 -ലെ ബി2/58835/2000 നമ്പറുകൾ പ്രകാരം തളിപ്പറമ്പ് താലൂക്കിൽ പെരിന്തട്ട വില്ലേജിൽ എത്ര പേർക്ക് മിച്ചഭൂമിയായി ഏറ്റെടുത്ത സ്ഥലം പതിച്ചു നൽകിയിട്ടുണ്ടെന്ന് ഉത്തരവ് സഹിതം വിശദമാക്കുമോ ; | (എ) കണ്ണൂർ ജില്ലാ കലക്ടറുടെ ബി2/37001/95 പ്രകാരം 57 പേർക്കും ജില്ലാ കളക്ടറുടെ ബി2/58835/2000 പ്രകാരം 22 പേർക്കും ഓഫർ നല്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഭൂമി പതിച്ചു കിട്ടിയവരിൽ നിന്നും എത്രകാലം ഭൂനികുതി വില്ലേജ് ഓഫീസിൽ സ്വീകരിച്ചിട്ടുണ്ട് ; | (ബി) മേൽ നമ്പർ ഉത്തരവ് പ്രകാരം ഭൂമി പതിച്ച് കൊടുത്തവരിൽ ഏതാനും പേരിൽ നിന്നും 2011-12 വരെ ഭൂനികുതി സ്വീകരിച്ചിട്ടിട്ടുണ്ട്. |
| (സി) മേൽ കാലയളവിനു ശേഷം പതിച്ചു കിട്ടിയവരിൽ നിന്നും നികുതി സ്വീകരിക്കാതിരിക്കുന്നതിന് കാരണം വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളോ മറ്റ് കോടതി നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ പകർപ്പ് സഹിതം ഹാജരാക്കാമോ; | (സി) കുഞ്ഞിവളപ്പിൽ കൃഷ്ണൻ എന്നയാൾ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത സി.ആർ.പി. 706/01 നമ്പർ കേസുമായി ബന്ധപ്പെട്ട് പുതിയൊരു ഉത്തരവുണ്ടാകുന്നതു വരെ സ്ഥലം പതിച്ച് കിട്ടിയവർക്ക് ഭൂമി അളന്ന് നൽകരുതെന്ന് കണ്ണൂർ ജില്ലാ കളക്ടറുടെ 27/06/2003-ലെ ബി2-37001/95 നമ്പർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഭൂനികുതി സ്വീകരിക്കുന്നില്ല. (പകർപ്പ് അനുബന്ധം A ആയി ചേർക്കുന്നു) |
| (ഡി) ഭൂമി പതിച്ചു കിട്ടിയവരിൽ നിന്നും നികുതി സ്വീകരിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കുമോ? | (ഡി) കുഞ്ഞിവളപ്പിൽ കൃഷ്ണൻ എന്നയാൾ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത സി.ആർ.പി. 706/01 നമ്പർ കേസും ഉണ്ണോളി പ്രസാദ് എന്നവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.സി. 24618/08 ഡബ്ല്യൂ.പി.സി. 11557/10 നമ്പർ കേസിലെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂനികുതി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം A

<u>ഹൈക്കോടതി ഉത്തരവ് നിലവിലുള്ളത്</u>

<u>വളരെ അടിയന്തിരം</u>

നം. ബി2.37001/95

കലക്ടറേറ്റ്, കണ്ണൂർ,
തീയതി: 28-06-2003.

പ്രേഷിതൻ.

ജില്ലാ കലക്ടർ,
കണ്ണൂർ.

സ്വീകർത്താവ്,
അഡീഷണൽ തഹസിൽദാർ,(പേരിൽ)
തളിപ്പറമ്പ്.

സർ,

വിഷയം:- കെ.എൽ.ആർ നിയമം - പെരിന്തട്ട അംശം തവിടിശ്ശേരി ദേശം - റി.സ.14/3 ൽ ശ്രീ.പുതലത്ത് കണ്ണൻ നായർ എന്നവരിൽ നിന്ന് ഏറ്റെടുത്ത മിച്ച ഭൂമി പതിച്ചു കൊടുക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. ശ്രീ.കണ്ടിവളപ്പിൽ കുഞ്ഞൻ എന്നയാൾ 25-06-2003 ജില്ലാ കലക്ടർക്ക് സമർപ്പിച്ച ഹരജി
2. താങ്കളുടെ 22-11-96 ലെ ബി1/14690/95 നമ്പർ കത്ത്
3. താങ്കളുടെ 2-6-03 ലെ ബി2-19313/00 നമ്പർ കത്ത്

*****

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പെരിന്തട്ട അംശം തവിടിശ്ശേരി ദേശം റി.സ.14/3 ൽ ശ്രീ.പുതലത്ത് കണ്ണൻ നായർ എന്നവരിൽ നിന്ന് ഏറ്റെടുത്ത മിച്ച ഭൂമിയിൽപെട്ട 5 ഏക്കർ സ്ഥലം സംബന്ധിച്ച് ശ്രീ.കണ്ടിവളപ്പിൽ കുഞ്ഞൻ എന്നയാൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത സി.ആർ.പി.706/2001 നമ്പർ കേസ് തളിപ്പറമ്പ് താലൂക്ക് ലാന്റ് ബോർഡിലേക്ക് റിമാന്റ് ചെയ്യുകയും ഉത്തരവ് തീയതി മുതൽ അഞ്ച് മാസത്തിനുള്ളിൽ കേസ് പുനഃപരിശോധിച്ച് തീർപ്പ് കൽപ്പിക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി.

എന്നാൽ കഴിഞ്ഞ പട്ടയ മേളയിൽ ടിയാൾ അവകാശവാദം ഉന്നയിക്കുന്ന സ്ഥലം ഉൾപ്പെടെയാണ് പതിച്ചു കൊടുത്തിരിക്കുന്നത് എന്ന് ആരോപിച്ചു കൊണ്ട് ജില്ലാ കലക്ടർക്ക് ഹരജി സമർപ്പിച്ചിരിക്കയാണ്.

സൂചന രണ്ട് പ്രകാരം താങ്കൾ സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ 20.67.750 ഏക്കർ പതിച്ചു കൊടുക്കുന്നതിനു വേണ്ടിയാണ്. എന്നാൽ ശ്രീ.കണ്ടിവളപ്പിൽ കുഞ്ഞൻ എന്നയാൾ ഫോറം 6 ഹരജി സമർപ്പിച്ച 5 ഏക്കർ ഉൾപ്പെടെ 5.75 ഏക്കർ സ്ഥലം ഒഴിവാക്കിക്കൊണ്ടാണ് ഈ ഓഫീസിൽ നിന്നും ഈ സ്ഥലം പതിച്ചു കൊടുക്കുവാൻ വിജ്ഞാപനം ചെയ്തിരിക്കുന്നത്.

മറുപുറം →

ഹരജിയുടെ അടിസ്ഥാനത്തിൽ മനസ്സിലാകുന്നത് ഹരജിക്കാരൻ അവകാശവാദമുന്നയിക്കുന്ന സ്ഥലമല്ല ഒഴിവാക്കിയിരിക്കുന്നത് എന്നാണ്. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തിരമായി വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് ഉടൻ തന്നെ സമർപ്പിക്കേണ്ടതാണ്.

ഈ കേസ് ഹൈക്കോടതി നിർദ്ദേശവുമായി ബന്ധപ്പെട്ടതാകയാൽ ഗൗരവമായി കണ്ട് നടപടി എടുക്കേണ്ടതാണ്. കൂടാതെ ഇനിയൊരുത്തരവ് ഉണ്ടാകുന്നത് വരെ ഈ സ്ഥലം പതിച്ചു കൊടുത്തതെങ്കിൽ കക്ഷികൾക്ക് സ്ഥലം അളന്ന് കാണിച്ച് കൊടുക്കുന്നത് നിർത്തിവയ്ക്കേണ്ടതാണ്. ശ്രീ.കണ്ടിവളപ്പിൽ കൃഷ്ണൻ എന്നയാളുടെ ഹരജിയുടെ പകർപ്പ് ഇതോടൊപ്പം അയക്കുന്നു.

ഉള്ളടക്കം:

വിശ്വസ്തതയോടെ,
ഒപ്പ്
കലക്ടർക്ക് വേണ്ടി.

1. പകർപ്പ്: ചെയർമാൻ, താലൂക്ക് ലാന്റ് ബോർഡ്, തളിപ്പറമ്പ്(ടി.എൽ.ബി.478/73)
2. വില്ലേജ് ആഫീസർ,പെരിന്തട്ട

//ശരിപ്പകർപ്പ്//

ഡെപ്യൂട്ടി കലക്ടർ (എൽ.ആർ)